കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ കോടോംബേളൂർ ഗ്രാമ പഞ്ചായത്ത് - ബസ് സ്റ്റാന്റ് കം-ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം-കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലോണെടുക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3173/2018/ തസ്വഭവ                    തിരുവനന്തപുരം, തീയതി,18.12.2018.

---

പരാമർശം:- 1 . 29.07.2009-ലെ സ ഉ(എം.എസ്)147/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.

2. പഞ്ചായത്ത് ഡയറക്ടറുടെ 09/07/2018 ലെ എഫ്3- 23597/18 നമ്പർ കത്ത്.

ഉത്തരവ്

കാസറഗോഡ് ജില്ലയിലെ കോടോംബേളൂർ ഗ്രാമ പഞ്ചായത്തിലെ ഓടയംചാൽ എന്ന സ്ഥലത്ത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീ-സർവ്വേ നമ്പർ 662,661/2 ൽപ്പെട്ട 1.1144 ഹെക്ടർ വസ്തുവിൽ ബസ് സ്റ്റാന്റ് കം-ഷോപ്പിംഗ് കോപ്ലക്സ് നിർമ്മിക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 7.32 കോടി രൂപ 10 % പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന കോടോംബേളൂർ ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോടോംബേളൂർ ഗ്രാമ പഞ്ചായത്തിലെ ഓടയംചാൽ എന്ന സ്ഥലത്ത് ബസ് സ്റ്റാന്റ് കം-ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണത്തിനായി, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീ-സർവ്വേ നമ്പർ 662,661/2 ൽപ്പെട്ട 1.1144 ഹെക്ടർ വസ്തുവും അതിൽ പണിയുന്ന ബസ് ടെർമിനലും ജാമ്യമായി നൽകിക്കൊണ്ട്, 10% പലിശ നിരക്കിൽ 7.32 കോടി രൂപ, കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പ എടുക്കുന്നതിന്, പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയോടെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കോടോംബേളൂർ ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എം.ഡി,കെ.യു.ആർ.ഡി.എഫ്.സി ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം

സെക്രട്ടറി/പ്രസിഡണ്ട് , കോടോംബേളൂർ ഗ്രാമ പഞ്ചായത്ത്, കാസറഗോഡ്

തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ്, ഡിബി2/255/18

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ